Pecuniary help to Depressed Class students.

538. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സഹായധനങ്ങൾ ന്യായമായി ഉപയോഗിയ്ക്കാത്തവരുടെമേൽ എന്തു നടപടിയാണ് നടത്തുവാൻ ഉദ്ദേശിയ്ക്കുന്നത് ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അധഃകൃത വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സഹായധനങ്ങൾ ന്യായമായി ഉപയോഗിയ്ക്കുന്നില്ലെന്ന് അറിവുകിട്ടിയാൽ അവസ്ഥാനുസരണം നടപടി നടത്തുന്നതാണ്.

Co-operative Societies—Depressed Classes.

539. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതരുടെ വകയായി സ്ഥാപിയ്ക്കപ്പെട്ടിട്ടുള്ള കൊ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ എണ്ണം കാണിയ്ക്കുന്ന ഒരു ലിസ്റ്റ് ഈ മേശപ്പുറത്തുവെയ്ക്കുവാൻ ഗവൺമെൻറിനു് ഭയം തോന്നുമോ ?

പരസ്പരസഹായ സംഘങ്ങൾ ന്യായമായ നിലയിൽ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള മുഖ്യ കാരണമെന്തു് ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—അനുബന്ധം നോക്കുക. (*Appendix XV*)

അധഃകൃതർക്കുവേണ്ടി സ്ഥാപിയ്ക്കപ്പെട്ടിട്ടുള്ള പരസ്പരസഹായ സംഘങ്ങളിൽ അപൂർവ്വം ചിലതൊഴിച്ചു് ബാക്കിയെല്ലാം തൃപ്തികരമായി പ്രവൃത്തി ചെയ്യുന്നില്ല.

അധഃകൃതരുടെ സംഘങ്ങളെ വേണ്ടവിധം ഭരിച്ചുപോരുവാൻ എല്ലാ പ്രദേശത്തും അവരുടെ ഇടയിൽ പ്രാപ്തിയുള്ളവരോ, പഠിപ്പുള്ളവരോ ഇല്ല. പരസ്പരസഹായ സംഘങ്ങൾ കൊണ്ടുള്ള ഗുണങ്ങളെ മനസ്സിലാക്കി യഥാർത്ഥസഹകാരികളുടെ നിലയിൽ പ്രവർത്തിച്ചുപോരുവാൻ പൊതുവേ അധഃകൃതർക്കു് വേണ്ടുന്ന വിദ്യാഭ്യാസമുണ്ടു് ഇപ്പോൾ ആയിട്ടുമില്ല. അവരുടെ ഇടയിൽ വിദ്യാഭ്യാസം വർദ്ധിയ്ക്കുന്നതനുസരിച്ചു് സംഘങ്ങളും പ്രവർത്തിച്ചെയ്യും. അന്യന്മാർ എത്രതന്നെ സംഘപ്രവർത്തനത്തിനു് സഹായിച്ചാലും മെമ്പർമാർ തന്നെത്താൻ ഭരിയ്ക്കുന്നതുപോലേയുള്ള ഗുണം ഉണ്ടാകയുമില്ല.

Appointment of Depressed Classes to Panchayats.

540. മിസ്റ്റർ കെ. പി. വള്ളോൻ.—(a) പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ പഞ്ചായത്തു മെമ്പർമാരായി വല്ല അധഃകൃതരേയും നിയമിച്ചിട്ടുണ്ടോ;

(b) കുഴുപ്പിള്ളി പഞ്ചായത്തിൽ ഒരു മെമ്പറായി തൊമരവട്ടത്തു് കൊല്ലാട്ടതറ പല്ലൻ കൊടിയൻ എന്ന ആളെ നിയമനത്തിനു് യോഗ്യതയുള്ള ഒരാളാണെന്നു് ഗവൺമെൻറിനറിവുണ്ടോ;

(c) ഉണ്ടെങ്കിൽ എന്തുകൊണ്ടു് അദ്ദേഹത്തെ ഇതുവരേ നിയമിച്ചില്ല ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX XV,
(*Vide Answer to Question No. 539.*)

കൊച്ചിരാജ്യത്തുള്ള അധഃകൃത പരസ്പരസഹായസംഘങ്ങൾ.

൧	മുളവുകാട് പുലയപരസ്പരസഹായസംഘം	നമ്പ	൧	൦
൨	കാഞ്ഞിരമറ്റം	ടി	ടി	൧൫൯
൩	പനങ്ങാട്	ടി	ടി	൧൫൬
൪	കൊട്ടങ്ങല്ലൂർ നാവിക	ടി	ടി	൧൫൫
൫	ചേപ്പനം	ടി	ടി	൧൯൦
൬	മാള	ടി	ടി	൧൯൧
൭	കൊറ്റനെല്ലൂർ പടന്ന	ടി	ടി	൧൯൯
൮	ഒളരിക്കര ദാസ	ടി	ടി	൨൦൦
൯	നെടുപുഴ കണക്ക	ടി	ടി	൨൦൧
൧൦	പനമ്പുകാട് പുലയ	ടി	ടി	൨൦൨
൧൧	ഓച്ചന്തുരുത്ത്	ടി	ടി	൨൦൩
൧൨	പള്ളിപ്പുറം പുലയ	ടി	ടി	൨൦൪
൧൩	കുക്കഞ്ചേരി അധഃകൃത	ടി	ടി	൨൦൫
൧൪	അരനാട്ടുകര വേട്ടുവ	ടി	ടി	൨൦൯
൧൫	ലോകമലേശ്വരം	ടി	ടി	൨൧൦
൧൬	നായരമ്പലം ഭഗവതിവിലാസം	ടി	ടി	൨൨൧
൧൭	മങ്ങാട്ടുകര പടന്ന	ടി	ടി	൨൨൪
൧൮	ഉഴത്തുകടവ് പടന്ന	ടി	ടി	൨൨൫
൧൯	പാറളം കണക്ക	ടി	ടി	൨൨൭
൨൦	ചെറായി പുലയ	ടി	ടി	൨൨൮
൨൧	എളങ്കുന്നപ്പുഴ പുലയ	ടി	ടി	൨൨൯
൨൨	അരിമ്പൂർ വേട്ടുവ	ടി	ടി	൨൩൦
൨൩	വെളിയനാട് ചെരി സഹോദര	ടി	ടി	൨൩൧
൨൪	പെരിമ്പിള്ളിശ്ശേരി പടന്ന	ടി	ടി	൨൩൨
൨൫	അയ്യന്തോൾ വേട്ടുവ	ടി	ടി	൨൩൩
൨൬	മുളന്തുരുത്തി പുലയ	ടി	ടി	൨൩൪
൨൭	പെരുമ്പിലാവ് കണക്ക	ടി	ടി	൨൪൦
൨൮	മതിക്കുന്ന് അധഃകൃത	ടി	ടി	൨൪൩
൨൯	കാരാഞ്ചിറ സഹോദര	ടി	ടി	൨൫൪
൩൦	കുന്നത്തറ പറയ	ടി	ടി	൨൪൫
൩൧	മുറിയാട്ട് പടന്ന	ടി	ടി	൨൫൫
൩൨	ലക്ഷ്മീവിലാസം അധഃകൃത	ടി	ടി	൨൫൬
൩൩	ചൊവ്വന്നൂർ തൊഴിലാളി	ടി	ടി	൨൪൭
൩൪	മണലൂർ അധഃകൃത	ടി	ടി	൨൭൩
൩൫	ചെങ്ങാലൂർ	ടി	ടി	൨൭൩

LIBRARY ARCHIVES Kerala Legislative Assembly